പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1224

13.12.2012ൽ
മറുപടിക്ക്

# അനധികൃത മണൽ കടത്ത്

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിന്റെ നമ്പരും ആർ.സെൽവരാജ് എം.എൽ.എ. യുടെ വിലാസവും ഉപയോഗിച്ച് മണൽ കടത്തുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തരത്തിൽ പാസ് ഉപയോഗിച്ച് എത്ര മണൽ കടത്തുകയുണ്ടായി ; | (ബി) ആരോപണ വിധേയമായ എസ്.എസ്. അനുഗ്രഹ ട്രേഡേഴ്സ്, ഇഞ്ചിവിള, പാറശ്ശാല എന്ന സ്ഥാപനത്തിലേയും നെയ്യാറ്റിൻകര കൊമേഴ്സ്യൽ ടാക്സ് ഓഫീസിലേയും രേഖകൾ പരിശോധിച്ചതിൽ ഒരു ലോഡ് മണൽ കെ.എൽ.01-എ.യു.5763 നമ്പർ വാഹനത്തിൽ കൊണ്ടു പോകുന്നതിന് പാസ്സ് നൽകിയതായി കാണുന്നു. |
| (സി) അമരവിള അടക്കമുള്ള ചെക്ക് പോസ്റ്റുകളിൽ ഔദ്യോഗിക സംവിധാനങ്ങൾ ദുരുപയോഗം ചെയ്തുകൊണ്ട് ഇത്തരത്തിൽ നടക്കുന്ന ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഇത്തരം അനധികൃത മണൽ കടത്ത് തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ